

# 1921-2021

# കേരള മുസ്‌ലിംകൾ നൂറ്റാണ്ടിന്റെ ചരിത്രം

ചെയർമാൻ: എം.ജി.എസ്.നാരായണൻ

ചീഫ് എഡിറ്റർ: കെ.ഇ.എൻ.

എഡിറ്റർ: എപി. കുഞ്ഞാമു

Scanned with CamScanner

# 1921-2021

# കേരള മുസ്‌ലിംകൾ നൂറ്റാണ്ടിന്റെ ചരിത്രം

കേരള ചരിത്രത്തിന്റെ ഗതി നിർണ്ണയിച്ച സുപ്രധാന സംഭവങ്ങളിലൊന്നാണ് 1921 ലെ മലബാർ സമരം. മലബാറിലെ കൊളോണിയൽ വിരുദ്ധമുന്നേറ്റങ്ങളുടെ ഭാഗമായ പ്രസ്തുതസമരം മുസ്‌ലിം സമൂഹത്തിന്റെ സ്വഭാവരൂപീകരണത്തിൽ മുഖ്യപങ്കുവഹിച്ചു. അവരുടെ മതപരിഷ്കരണം, വിദ്യാഭ്യാസം, രാഷ്ട്രീയം, ആധുനികവൽക്കരണം തുടങ്ങിയ എല്ലാ മണ്ഡലങ്ങളിലേയും ഉണർവുകളുടെ ആരംഭം ഈ സമരത്തിൽ നിന്നാണ്. ഒരു നൂറ്റാണ്ടുകാലം ഒരുദേശം കടന്നു പോയ വികാസപരിണാമങ്ങളെ അടയാളപ്പെടുത്തുന്ന പഠന പ്രബന്ധങ്ങളുടെ സമാഹാരമാണീ കൃതി.

87 പ്രബന്ധങ്ങൾ... നൂറു കൊല്ലത്തിന്നുള്ളിൽ കേരളത്തിന്റെ ചരിത്രഗതി നിർണ്ണയിക്കുന്നതിൽ പ്രബല പങ്കു വഹിച്ച നൂറു പേരുടെ വ്യക്തി ചിത്രങ്ങൾ... മുസ്‌ലിം സമൂഹത്തെ കുറിച്ച് പ്രമുഖരുടെ പുറം കാഴ്ചകൾ... മുസ്‌ലിം കേന്ദ്രങ്ങളുടെ രേഖാചിത്രങ്ങൾ

ചെയർമാൻ: **എം.ജി.എസ്.നാരായണൻ**

ചീഫ് എഡിറ്റർ: **കെ.ഇ.എൻ**

എഡിറ്റർ: **എപി. കുഞ്ഞാമു**

വചനം ബുക്സ്
മാവൂർ റോഡ്, കോഴിക്കോട് - 4
ഫോൺ: 9656538245, 9946343424
www.vachanambooks.com

വില: ₹ 1760.00
9 789384 355753

Scanned with CamScanner

**1921-2021**
**Kerala Muslimkal Noottantinte Charithram**

Chairman: MGS Narayanan
Chief Editor: KEN Kunhahammed
Editor: AP Kunhamu

Published by

**Vachanam Books**
Noor Complex, Mavoor Road
Kozhikode673004
www.vachanambooks.com
vachanambks@gmail.com

First Edition : 2021 October

ISBN 978-93-84355-75-3

Type setting : Muneer
Layout & Cover : Mahin

Printed at: Printout Villa, Calicut

Price: ₹ 1760.00

© Rights Reserved

Scanned with CamScanner

മുസ്‌ലിം ഉപവർഗങ്ങൾ ....402
കേരളത്തിലെ മസ്ജിദുകൾ വാസ്തുശിൽപവും പൈതൃകവും ....422
അഹ്‌മദിയ്യാ പ്രസ്ഥാനം കേരളത്തിൽ ....431

**ഭാഗം 5 / സംസ്കാരം**

മുസ്‌ലിംകളും സംഗീതവും കേരളത്തിൽ ....436
പുതിയാപ്പിളമാരുടെ ലോകം ....452
കേരളസംസ്കാരവും മാപ്പിള ഇടപാടുകളും ....463
പോയ നൂറ്റാണ്ടും മാപ്പിളകലകളും ....469
മാപ്പിളമാർക്ക് സംഗീതമുണ്ട് ....483
മുസ്‌ലിംകളും നാടകങ്ങളും ....487
മാപ്പിളമാർ വേഷം മാറിയതെങ്ങനെ? ....500
പെണ്ണഴക്-പൊന്നഴക് ....510
മാപ്പിള ആഘോഷങ്ങളും അനുഷ്ഠാനങ്ങളും ....512
കേരളീയ വൈദ്യരംഗത്തെ മുസ്‌ലിം മുൻകൈകൾ ....522
വ്യാജമേൽവിലാസങ്ങളുമായി സിനിമ ....534
മാപ്പിള ജീവിതം മലയാള സിനിമയിൽ ....538
വെപ്പും തീനും ....545

**ഭാഗം 6 / സാഹിത്യം**

മലയാള സാഹിത്യത്തിൽ 'ഇസ്‌ലാം' ....556
മലയാളഭാഷയിലെ മാപ്പിള സ്വാധീനം ....563
ഇസ്‌ലാം എഴുത്തിന്റെ ഒരു നൂറ്റാണ്ട് ....579
ഇസ്‌ലാം: സമുദായ സംസ്കാരവും മലയാള സാഹിത്യവും ....598
പാർശ്വവൽക്കരണത്തിന്റെ രാഷ്ട്രീയം: അറബി-മലയാളവും മാപ്പിള സാഹിത്യവും മലയാള സാഹിത്യ ചരിത്രത്തിൽ ....614
മാപ്പിളപ്പാട്ടിൻെ ജനകീയത ....639
നമ്മുടെ സാഹിത്യപൈതൃകം: മാല-മൗലിദുകളുടെ ഇടം ....647
വിശുദ്ധ ഖുർആൻ പരിഭാഷ-മലയാളത്തിൽ ....668
പള്ളിയാൽ മൊയ്തുഹാജി; ആദ്യത്തെ ഹജ്ജെഴുത്ത് ....675

**ഭാഗം 7 / മുന്നേറ്റം**

കേരളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ ....680
അറബി ഭാഷാ വികാസത്തിന്റെ കേരള പരിസരം ....715
ഉർദു ഭാഷയുടെ ഒരു നൂറ്റാണ്ട് ....731
ശാസ്ത്ര-സാങ്കേതിക രംഗത്തെ മുസ്‌ലിം സംഭാവന ....755
സ്നേഹ സൗമനസ്യങ്ങൾ വീണ്ടെടുക്കാൻ ....759
വാണിജ്യ-വ്യവസായ രംഗത്തെ മുസ്‌ലിം സാന്നിധ്യം ....764
അനാഥ സംരക്ഷണത്തിന്റെ വഴികളിലൂടെ ....772



Scanned with CamScanner




**ഡോ.വി. ഹിക്മത്തുല്ല**

• *മഞ്ചേരി യൂണിറ്റി വിമൻസ്*
*കോളേജ് അസി. പ്രൊഫസർ.*
*ആനുകാലികങ്ങളിൽ എഴുതുന്നു.*
*ഫോൺ: 9446370994*


# കേരളസംസ്കാരവും മാപ്പിള ഇടപാടുകളും

കേരളസംസ്കാരത്തെ ഇഴപിരിച്ച് പരിശോധിക്കുന്ന പഠനങ്ങൾ നമുക്ക്
കുറവാണ്. വിവിധ സമുദായങ്ങളുടെ ആദാനപ്രദാനങ്ങളുടെ കഥ വളരെ
ഉപരിപ്ലവമായ രീതിയിലാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. മനുഷ്യസൗഹാർദ
വും ബഹുസ്വരതയും വിപുലപ്പെടാൻ സാംസ്കാരികചരിത്രത്തിലെ അസ
ന്തുലിതത്വങ്ങൾ വിശകലനവിധേയമാവേണ്ടതുണ്ട്. സംസ്കാരത്തെപ്പറ്റി
യുള്ള വായനകൾ അതിസങ്കീർണമാണ്. ഭൂതകാലത്തെച്ചൊല്ലിയുള്ള അധീ
ശവിഭാഗങ്ങളുടെ ഗൃഹാതുരതയാണ് ദേശീയസംസ്കാരമായി നാം പഠി
ച്ചുപോന്നിട്ടുള്ളത്. വർത്തമാനകാലത്തെ പഴിപറയുന്നതും അനുഭവത്തെ
നിഷേധിക്കുന്നതുമായ നിഗമനങ്ങളായി ഇത്തരം വായനകൾ ഒടുങ്ങുക
യും ചെയ്യും. സംസ്കാരം എന്നത് നിശ്ചലമായ ഒന്നല്ലെന്നും മുഖ്യധാര
തുറന്നുതന്ന വഴി മാത്രമല്ല അതിനുള്ളതെന്നും പുതിയകാലത്തെ വ്യക്തി
മനസ്സിലാക്കുന്നുണ്ട്. താൻ കൂടി പങ്കാളിത്തം വഹിച്ചുകൊണ്ടാണ് സംസ്
കാരം നിർമിക്കുന്നതെന്നും ഭൂതകാലങ്ങളിൽ തന്നെപ്പോലുള്ളവർ നിർവ
ഹിച്ച പങ്ക് സംസ്കാരത്തിന്റെ ഏത് അടരുകളിലാണ് വിന്യസിക്കപ്പെട്ടിരി
ക്കുന്നതെന്നും അവൻ/അവൾ ആലോചിക്കുന്നുണ്ട്.

പാശ്ചാത്യകേന്ദ്രിത ലോകബോധം ഉൽപാദിപ്പിക്കുന്ന രീതിശാസ്ത
ങ്ങളോ ദേശീയ- സവർണ ചരിത്രകാരന്മാരുടെ മുൻവിധികളോ മാത്രമാ
ണ് കേരളസംസ്കാരത്തെ പഠിക്കുന്നതിന് പ്രബലമായി ഇന്നും നിലനിൽ
ക്കുന്ന പദ്ധതികൾ. മുഖ്യധാരാഭാവനകളെ അപനിർമിച്ചുകൊണ്ട് മാത്രമേ
നമുക്ക് സ്വന്തമായ ഒരു സാംസ്കാരിക വിശകലന രീതി കൈവരികയു
ള്ളൂ. പുതിയകാലത്ത് സാംസ്കാരിക നരവംശശാസ്ത്രം പോലുള്ള പഠന
ശാഖകളുടെ വികാസം, സംസ്കാരത്തെ വ്യത്യസ്തമായ രീതിയിൽ മന
സ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

പ്രചീനകാലം മുതൽ കേരളത്തിൽ നിലനിന്നിരുന്ന വൈദേശിക വാ
ണിജ്യബന്ധങ്ങളെക്കുറിച്ച് നമ്മുടെ ചരിത്രകാരന്മാർ സംസാരിക്കുമെങ്കി




Scanned with CamScanner

ലും അത് സമ്പന്നമാക്കി നിർത്തിയിരുന്ന പൗരസ്ത്യ കേന്ദ്രിത സാംസ്കാരികതയെപ്പറ്റി മൗനം പാലിക്കുകയാണ് പതിവ്. ഇന്ത്യൻ മഹാസമുദ്രത്തിലെ വാണിജ്യ ശൃംഖല മെഡിറ്ററേനിയൻ – ആഫ്രിക്കൻ തീരങ്ങളെ ബന്ധിപ്പിച്ചാണ് പ്രവർത്തിച്ചിരുന്നത്. മൊറോക്കോ മുതൽ സുമാത്ര വരെയുള്ള ഈ പൗരസ്ത്യലോകം മത – ദാർശനിക കൈമാറ്റങ്ങളിലൂടെ പരസ്പരം പടർന്നു. അറബ് – പേർഷ്യൻ കച്ചവടക്കാരും അവരോടൊപ്പമുണ്ടായിരുന്നു. ഇസ്‌ലാമിക പണ്ഡിതരും ഇതിന്റെ പ്രധാന കണ്ണികളായിരുന്നു. ഹിജാസും ഈജിപ്തും ഇന്ത്യയും ചൈനയും കിഴക്കനാഫ്രിക്കയും സിങ്കപ്പൂരും ഇന്തോനേഷ്യയുമെല്ലാം ബന്ധിതമായിരുന്ന ഈ ശൃംഖലയിൽ മലബാർ (കേരളം മുഴുവൻ എന്നാണ് വിവക്ഷ) ഒരു പ്രധാന കേന്ദ്രമായിരുന്നു. യമനിൽ നിന്നുള്ള ഹദ്റമീ സയ്യിദുമാരുടെ കടൽ വഴിയുള്ള ദേശാന്തരയാത്രകളെക്കുറിച്ച്, നരവംശഗവേഷകൻ എങ് സങ്ഹോ നടത്തിയ പഠനം ഇതിന് തെളിവാണ്. മധ്യകാലത്ത് ഇസ്‌ലാം, ഇന്ത്യ, ചൈന എന്നീ മൂന്ന് സാമ്പത്തിക കേന്ദ്രങ്ങളായിരുന്നു ലോകത്ത് നിലനിന്നതെന്ന് ഫെർണാൻഡ് ബ്രൂദൽ നിരീക്ഷിച്ചിട്ടുണ്ട്. കേരളമുസ്‌ലിം ചരിത്രത്തിൽ പ്രകടമായിട്ടുള്ള 'സാർവലൗകികസ്വഭാ വത്തെ' കേരളത്തിന്റെ കൊളോണിയൽ ദേശീയ - മാർക്സിസ്റ്റ് ചരിത്രകാരന്മാർ പ്രതിപാദിക്കാതെ പോകുന്നത് 'ദേശീയത എന്ന നിർമിത ഭൂത(കാല)'ത്തെ മുൻനിർത്തിയുള്ള ഭാഗികവീക്ഷണം കാരണമായാണെന്ന് എം.എച്ച് ഇല്യാസ് സൂചിപ്പിക്കുന്നു.പുതിയ ജീവിതബോധം, നാണയവ്യവസ്ഥ, കച്ചവടരീതികൾ, ഭക്ഷണ – വസ്ത്രധാരണ സമ്പ്രദായങ്ങൾ, ലിഖിതവ്യവസ്ഥ, മലയാളഭാഷയിലെ എണ്ണമറ്റ പദാവലികൾ എന്നിവയെല്ലാം ഇതുവഴി നമുക്ക് കൈവന്നു.

14–ാം നൂറ്റാണ്ടിൽ ഇബനുബത്തൂത്തയുടെ യാത്രക്കിടയിൽ, കോഴിക്കോട്ട് ഒമാൻകാരനായ ഖാദിയെയും ബഹ്റൈൻകാരനായ കച്ചവടത്തലവനെയും കണ്ടതായി രേഖപ്പെടുത്തുന്നുണ്ട്, കേരളത്തിന്റെ തീരങ്ങളിൽ ഇന്നും നിലനിൽക്കുന്ന ദേശാന്തരമായ ഈ സങ്കരത ഇനിയും വേണ്ടവിധം പഠിക്കപ്പെട്ടിട്ടില്ല. പോർത്തുഗീസുകാരുടെ ആഗമനം വരെ സമാധാനപരമായ അറബി സാംസ്ക്കാരികതയുടെ മേഖലയായിരുന്നു കേരളതീരങ്ങൾ.

കേരളത്തിലെ വിവിധ നാട്ടുരാജ്യങ്ങളിലെ അധികാരാരോഹണച്ചടങ്ങുകളിൽനിന്ന് വ്യക്തമാകുന്നതു പ്രകാരം, മക്കയിൽ പോയ അമ്മാവന്റെ (ചേരമാൻ പെരുമാളിന്റെ) പിന്തുടർച്ചയായാണ് അവരൊക്കെയും അധികാരമേറ്റിരുന്നത്. കേരളത്തിലെ രാജസ്വരൂപങ്ങളുടെ വിപുലനത്തിനും ഇസ്‌ലാമിന്റെ ചരിത്രവുമായി ബന്ധമുണ്ട് എന്നാണ് പറഞ്ഞുവരുന്നത്. തെളിവുകളേറെയുണ്ടെങ്കിലും അത്തരം കാര്യങ്ങൾ സമ്മതിച്ചുതരാൻ നമ്മുടെ വരേണ്യ ചരിത്രകാരന്മാർക്ക് മടിയാണ്.

കേരളസംസ്കാരവായനയിൽ പ്രബലമായി നിലകൊള്ളുന്ന സാംസ്കാരികസമന്വയവാദമാണ് അടുത്തതായി പരിശോധിക്കാനുള്ളത്. ക്രിസ്തുവർഷം എട്ട്, ഒമ്പത് നൂറ്റാണ്ടുകളിലെ ബ്രാഹ്മണ മേലാളത്തം, വിവിധ ജാതികളെയും കേരളീയഗോത്രങ്ങളെയും, ശങ്കരാചാര്യരുടെ നേതൃത്വത്തിൽ

ഹൈന്ദവവൽകരിച്ചതിനെയാണ് യഥാർഥത്തിൽ സാംസ്കാരിക സമന്വയമായി വിശദീകരിക്കപ്പെടുന്നത്. അതേ സമയം ബ്രാഹ്മണർ നടത്തിയ ബൗദ്ധ ജൈന ഉന്മൂലനങ്ങളെയും ദലിത് സാംശീകരണത്തെയും പരാമർശിക്കുന്നുമില്ല. കേരളത്തിന്റെ സ്വതസിദ്ധമായ ഗ്രാമഘടനയെ ടിപ്പുവും ബ്രിട്ടീഷുകാരും ചേർന്നു തകർത്തുവെന്ന് നിരീക്ഷിക്കുന്നവരുണ്ട്. ബ്രാഹ്മണരെചുറ്റിപ്പറ്റി നിലനിന്ന അധീശഗ്രാമഘടനയെയാണ് ഇവിടെ സ്വതസിദ്ധമായി കാണുന്നത്. ടിപ്പുവിനെയും ബ്രിട്ടീഷുകാരെയും വിദേശി എന്ന നുകത്തിൽ കെട്ടി സമീകരിക്കാനും ഇതുവഴി സാധിക്കുന്നു. സവർണചരിത്രത്തെയും സംസ്കാരത്തെയും ദേശചരിത്രമായി വാഴിക്കുകകൂടി ഇതിലൂടെ സംഭവിച്ചു. മുഖ്യധാരയുടെ വ്യാജമായ നിലനിൽപ്പിനെ ചോദ്യം ചെയ്യുകയാണ് അതിന്റെ ആധിപത്യശേഷിയെ പൊളിക്കുവാനുള്ള വഴി. 'കേരള'ജനതയെ പരിഷ്കൃതിയിലേക്കും വിശ്വാസത്തിലേക്കും പ്രവേശിപ്പിച്ച ബൗദ്ധ-ജൈന- ക്രൈസ്തവ - ഇസ്‌ലാം സാന്നിധ്യത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾ പുനരുൽപാദിപ്പിച്ചുകൊണ്ട് ഈ 'സാംസ്കാരിക, സമന്വയവാദ'ത്തെ ചെറുക്കേണ്ടതുണ്ട്.

പുറത്തുനിന്നുവന്ന മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും ഹിന്ദുരാജാക്കന്മാർ സൗഹാർദത്തോടെ സ്വീകരിച്ചു' എന്ന പ്രസ്താവനയും പ്രബലമായ ഒരു ആഖ്യാനത്തിന്റെ ഭാഗമാണ്. തെറ്റായ ഒരു ചരിത്രബോധമാണ് ഇത് പ്രക്ഷേപിക്കുന്നത്, തദ്ദേശീയനായ ഒരു ഹിന്ദുവിനെ സങ്കൽപിച്ചുണ്ടാക്കുകയും ചെയ്യുന്നു. ക്രിസ്തുവർഷത്തിന്റെ ആരംഭം മുതലേ ജൂത - ക്രൈസ്തവമതങ്ങൾ കേരളത്തിലെത്തിയിട്ടുണ്ട്. ആറാംനൂറ്റാണ്ടു മുതൽ ഇസ്‌ലാമും വന്നുചേർന്നു. ബ്രാഹ്മണ (ഹിന്ദു)മതം രൂപപ്പെടുന്നത് ഒമ്പത്, പത്ത് നൂറ്റാണ്ടോടെയാണ്. പിന്നെ ഏതു സാങ്കൽപിക ഹിന്ദുമതമാണ് മറ്റു മതസ്ഥരെ സ്വീകരിക്കാൻ ഇവിടെ ഉണ്ടായിരുന്നത്? തദ്ദേശീയർ/വിദേശീയർ എന്നത് മതപരമായ വിഭജനമാക്കി മാറ്റി, കൂടുതൽ ദേശീയ അർഹത കൈവരിക്കാനാണ് മേലാളചരിത്രം ഇങ്ങനെ ചെയ്യുന്നത്. ഇവിടെയുണ്ടായിരുന്ന ഗോത്ര - നാട്ടുകൂട്ട ജീവിതങ്ങൾക്കുമേൽ ബ്രാഹ്മണമതം അധീശത്വം സ്ഥാപിച്ച്, അടിമകളാക്കുന്ന കാലത്ത്, താരതമ്യേന ആധുനികമായ സെമിറ്റിക് മതങ്ങളെ തദ്ദേശിയർ പുൽകാൻ തുടങ്ങി. "ആര്യ - ദ്രാവിഡ സമന്വയം' എന്ന പേരിൽ ഹിന്ദുവായി അവരെ നിലനിർത്താൻ ശങ്കരാചാര്യരെപ്പോലുള്ളവർ തിടുക്കപ്പെട്ടത് അതിനാലാണ്. ബൗദ്ധരെ ഉന്മൂലനം ചെയ്യുന്നതോടൊപ്പം, ക്രൈസ്തവ - ഇസ്‌ലാം മതങ്ങളുടെ ദാർശനികസത്തയെ ഹിന്ദുമത നിർമാണത്തിന് ശങ്കരൻ ഉപയോഗിക്കുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ പകുതി വരെ, ഈഴവരും അവർക്ക് താഴെയുള്ളവരും അടിമകളായി നിലനിന്നതിന്റെ ചരിത്രരേഖകൾ ലഭ്യമാണ്. തിരുവിതാംകൂറിൽ അടിമത്തം നിരോധിക്കാൻ മിഷനറിമാർ നൽകിയ മെമ്മോറാണ്ടത്തിന് ഉത്രം തിരുനാൾ മാർത്താണ്ഡവർമ 1847 മാർച്ച് 19 ന് നൽകിയ മറുപടി ഇപ്രകാരമാണ്: 'തിരുവിതാംകൂർ ഒരു കാർഷികരാജ്യം എന്ന നിലയിൽ ഇവിടുത്തെ പ്രധാന തൊഴിൽ കൃഷിയാണ്. കൃഷിപ്പണികൾ മുഴുവൻ ചെയ്യുന്നതാകട്ടെ ഇവിടുത്തെ അടിമകളാണ്. അടിമപ്പണി നിർത്ത



Scanned with CamScanner

ലാക്കിയാൽ കൃഷിപ്പണി എങ്ങനെ നടക്കും? കൃഷി നശിച്ചാൽ രാജ്യത്തിന്റെ ഭദ്രത പോലും തകരും.”

ആദ്യകാലങ്ങളിൽ ബൗദ്ധ – ജൈന മതങ്ങളെയും പിന്നീട് ക്രൈസ്തവ -ഇസ്ലാം മതങ്ങളെയുമായിരുന്നു അവർണർ രക്ഷയായിക്കണ്ടത്. ആദിമവിഭാഗങ്ങൾ ചേർന്നാണ് കേരളത്തിൽ ക്രിസ്ത്യൻ-മുസ്‌ലിം സമുദായങ്ങൾ രൂപപ്പെടുന്നത്. എന്നിട്ടും മുസ്‌ലിംകളിലെ വൈദേശികഘടകങ്ങൾ ചികയുന്ന അയുക്തിയാണ് മുഖ്യധാര പിന്തുടരുന്നത്. മുസ്‌ലിംകൾക്ക് ഒരേ സമയം ദേശാതിവർത്തിയും പ്രാദേശികവുമായ സാംസ്കാരികത നിലനിർത്താൻ സാധിച്ചിരുന്നു.

കേരളത്തിന്റെ ആധുനികീകരണത്തിലും സാംസ്കാരിക നവീകരണത്തിലും ടിപ്പുസുൽത്താൻ വഹിച്ച പങ്കാണ്, മുസ്‌ലിം പരിപ്രേക്ഷ്യത്തോടെ ആലോചിക്കാവുന്ന മറ്റൊരു കാര്യം. സവർണാധിപത്യകാലത്ത് അടിമകളാക്കി മാറ്റിനിർത്തപ്പെട്ട കാർഷിക ജനവിഭാഗത്തെ സാംസ്കാരിക സാമൂഹികനിർമാണത്തിൽ പങ്കുചേർത്ത് കേരളത്തിന് ജനാധിപത്യത്തിന്റെ ആദ്യ പൊടിപ്പുകൾ കാണിച്ചുതരുന്നത് ടിപ്പുവാണ്. മേൽജാതിക്കാർക്കു മാത്രം മാറുമറക്കാനും വഴിനടക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്ന കാലത്ത്, വിശാലമായ പൊതുറോഡുകൾ സ്ഥാപിക്കുകയും കീഴാളസ്ത്രീകൾക്ക് മാറുമറച്ച് അഭിമാനത്തോടെ ജീവിക്കാൻ അവസരമൊരുക്കുകയും ചെയ്ത അദ്ദേഹം, അടിമകളെപോലെ കഴിഞ്ഞിരുന്ന കുടിയാന്മാർക്ക് ഭൂമിയും ഉൽപാദനമിച്ചവും നൽകി. സർക്കാർ നേരിട്ട് നികുതി പിരിക്കുന്ന സമ്പ്രദായം തുടങ്ങി. ജന്മികൾ അനുവർത്തിച്ചുപോന്ന ചെറുമപ്പാട്, തിയ്യപ്പാട് എന്നീ അകലങ്ങൾ പാലിക്കാതെ കടന്നുവരുന്ന ടിപ്പുവിന്റെ റവന്യൂ ഉദ്യോഗസ്ഥരുടെ പെരുമാറ്റം കർഷകരെ വ്യക്തിബോധമുള്ളവരാക്കി. ചിതറിക്കിടന്ന നാട്ടുരാജ്യങ്ങളെ കൃത്യമായ ഭരണവ്യവസ്ഥക്കു കീഴിൽ ഏകീകരിച്ചു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കി. കയറ്റുമതിയിലെ വിദേശകുത്തകകളെ ഇല്ലായ്മ ചെയ്ത്, പാണ്ടികശാലകളും ഫാക്ടറികളും സ്ഥാപിച്ച് ലാഭവിഹിതം സർക്കാറിനും നാട്ടുകാർക്കുമാക്കി. ഇത്തരം പരിഷ്കരണങ്ങളാണ് പിൽക്കാല കേരളത്തിന്റെ രാഷ്ട്രീയ – സാമൂഹിക – സാംസ്കാരിക നവീകരണത്തിന് കാരണമായത്. സവർണ-ബ്രിട്ടീഷ് കൂട്ടുകെട്ട് ടിപ്പുവിനെ തകർക്കുകയും പിൽക്കാല തലമുറക്കായി മത്രഭാന്തൻ എന്ന വിശേഷണത്തോടെ ചരിത്രത്തിൽ എഴുതിച്ചേർക്കുകയും ചെയ്തത് ഇതിനാലാണ്.

ബഹുസ്വര സംസ്കാരികതയുടെ അടയാളങ്ങൾ കേരളീയജീവിതത്തിന് പരിചിതമാവുന്നതിൽ മാപ്പിളമാർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സങ്കരസംസ്കാരത്തിന്റെ സൂചികയായി നമുക്ക് മാപ്പിള കൃതികളെ മനസ്സിലാക്കാവുന്നതാണ്. അറബിമലയാളത്തിലുള്ള പദ്യ ഗദ്യകൃതികളിൽ പലതരത്തിലുള്ള ഭാഷാലോകങ്ങളിൽ നിന്നുള്ള തർജമകൾ പരിചയപ്പെടുത്തിയിരുന്നു. “ശിശു ചികിത്സ’ എന്ന അറബിമലയാള വൈദ്യകൃതിയെ നമുക്ക് ഉദാഹരണമായെടുക്കാം,

‘ഫാർസി, ഖിബ്തി, ഗുജറാത്തി, തുർക്കി, കന്നട, മറാത്തി, സംസ്കൃ

തം, തെലുങ്ക്, ചിങ്കിളി, ഇംഗ്ലീഷ്, ഗോവ, യാവ, ചീന, റഷ്യ, തമിഴ്, കച്ചി ഇങ്ങനെയുള്ള അനേകഭാഷകളിലും അധികം അടിച്ചു നടത്തിയിരിക്കുന്നു. മലയാളം അറബി എഴുത്തിൽ അങ്ങനെ ഇല്ലാത്തതു കൊണ്ടും ഉള്ളതിൽ തന്നെ ചികിത്സ ചുരുക്കമായതുകൊണ്ടും അതിൽ ഇതുവരെ ശിശുക്കളായ പൈതങ്ങൾക്കുള്ള രോഗങ്ങൾക്കു നിദാനങ്ങളോടുകൂടെ ഒരു തർജമാനെ ആരും ഉണ്ടാക്കിക്കാണായ്ക കൊണ്ടും ആ ശിശുക്കൾക്ക് സ്വന്തമായിട്ട് മുടുക്കാക്കപ്പെട്ട ചില ഏടുകളിൽ നിന്നും മറ്റും എടുത്ത് മലൈബാരിയത്തിൽ തർജ്ജമ കിത്താബാക്കി നാം ഉണ്ടാക്കുന്നു (*അറബിമലയാള സാഹിത്യചരിത്രം*, ഒ. ആബു).

മാപ്പിളസാഹിത്യപഠനത്തിലും മുഖ്യധാരയുടെ ഭാവനയ്ക്ക് പാകപ്പെടുന്ന രേഖീയമായ സാഹിത്യചരിത്രമാണ് സങ്കൽപിക്കപ്പെടുന്നത്. മുഹ്‌യിദ്ദീൻ മാല മുതൽ തുടങ്ങുന്ന ആ ചരിത്രവും വാമൊഴിയേക്കാൾ വരമൊഴിക്ക് പ്രാധാന്യം നൽകുന്നു. ചൊല്ലുവഴക്കങ്ങളിലൂടെയും പാട്ടുസദസ്സുകളിലൂടെയും പടരുന്ന അവയുടെ വിശാലമാനങ്ങളെ വേണ്ടത്ര ശ്രദ്ധിക്കാതെ പോകുന്നു. ഭാഷകളെയും ദേശങ്ങളെയും കവിയുന്ന ഏത് കലർപ്പും സ്വീകാര്യമാവുന്ന ഒരു പ്രവണത മാപ്പിളപ്പാട്ടിനുണ്ട്. മലയാളം, തമിഴ്, സംസ്കൃതം, അറബി, പേർഷ്യൻ, ഇംഗ്ലീഷ്, തുളു, ജസരി, ഉർദു തുടങ്ങി പല ഭാഷകളിൽ നിന്ന് വാക്കുകൾ സ്വീകരിക്കുന്ന രീതി ഒരു സാംസ്കാരിക നിലപാടിന്റെ ഭാഗമായി വേണം മനസ്സിലാക്കാൻ. മലയാളത്തിന്റെ മറ്റൊരു സാഹിത്യപാരമ്പര്യത്തിലും ഇത്തരത്തിൽ ബഹുവിധ ഭാഷകൾ കലർന്നു കാണുന്നില്ല. കേരളത്തിലെത്തുന്ന വിവിധ ഭാഷാവിഭാഗങ്ങളെ മാപ്പിളമാർ ഏത് തരത്തിലാണ് വീക്ഷിച്ചത്, ഇടപെട്ടത് എന്നെല്ലാം ഇത് വെളിപ്പെടുത്തുന്നുണ്ട്. കവിയുടെ പാണ്ഡിത്യപ്രകടനമായി മാത്രം ഇതിനെ ചുരുക്കാനാവില്ല.

ഏറ്റവും ജനകീയവും ചലനാത്മകവും അയഞ്ഞതുമായ ഘടനയിലാണ് ഏതു കാലത്തും മാപ്പിളപ്പാട്ടുകൾ രചിക്കപ്പെടുന്നത്. അങ്ങനെ നിരീക്ഷിക്കുമ്പോൾ ഖാസി മുഹമ്മദ്, കുഞ്ഞായിൻ മുസ്‌ലിയാർ, മോയിൻകുട്ടിവൈദ്യർ, പുലിക്കോട്ടിൽ ഹൈദർ, ടി. ഉബൈദ് തുടങ്ങിയ വിവിധ എഴുത്തുകാരുടെ പരമ്പരയിൽ ഏറ്റവും പുതിയ മാപ്പിളപ്പാട്ടെഴുത്തുകാരനെയും നമുക്ക് ചേർക്കാവുന്നതാണ്.

ലാറ്റിനമേരിക്കയിലും ഈജിപ്തിലും ഫലസ്തീനിലും തുർക്കിയിലുമെല്ലാം ഇത്തരം മുസ്‌ലിം ഹിപ്ഹോപ് പാട്ടുകളുടെ പാരമ്പര്യം കാണാനാവും. ആലാപനത്തിനു പ്രാധാന്യമുള്ള തരത്തിലാണ് മാപ്പിളപ്പാട്ട് അതിന്റെ ഘടന സൂക്ഷിക്കുന്നത് എന്നത് മറ്റൊരു സാഹിത്യശാഖക്കുമില്ലാത്ത ജനകീയത സമ്പാദിച്ചുനൽകുന്നു. അതിരുകൾ മായ്ച്ചുകളയുകയും ജനങ്ങളെ ശ്രേണികളായി വിഭജിക്കാത്തതുമായ ഒരു സംസ്കാരത്തെ കൂടിയാണ് ഈ സങ്കര നിലപാട് പ്രതിനിധീകരിക്കുന്നതെന്നു പറയാം.

മലയാളിയുടെ വസ്ത്രസങ്കൽപങ്ങളിൽ മുസ്‌ലിംകളുടെ ഇടപെടൽ ശ്രദ്ധേയമായിരുന്നു. 15-ാം നൂറ്റാണ്ടിൽ കോഴിക്കോട് സന്ദർശിച്ച അബ്ദുൽ റസാഖ് രേഖപ്പെടുത്തുന്നത് പ്രകാരം നാഭിമുതൽ കാൽമുട്ട് വരെയുള്ള തു

ണിക്കഷ്ണമാണ് ഇവിടത്തുകാരുടെ വേഷം. സാമൂതിരി രാജാവും അർധ നഗ്നൻ തന്നെയാണ്. തീരപ്രദേശ മുസ്‌ലിംകൾ താരതമ്യേന വില കൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നതായി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കഥകളിയിലെ സ്ത്രീവേഷം മുസ്‌ലിംകളിൽ നിന്ന് കടം കൊണ്ടതാവാമെന്ന് അനുമാന ങ്ങളിൽ വസ്തുതയുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല. പക്ഷേ, ഒരു കാര്യം പറയാമെന്നു തോന്നുന്നു. സ്ത്രീവേഷത്തിനു മാതൃകയാക്കാവുന്ന മാന്യത യുള്ള ഒരു വസ്ത്രധാരണരീതി അക്കാലത്ത് മുസ്‌ലിംകളിൽ നിന്നു ലഭിച്ചി രിക്കാനിടയുണ്ട്. അറബി വർത്തകരുടെ നെഞ്ചുമറയ്ക്കുന്ന വസ്ത്രം ഇവി ടത്തെ മാപ്പിളമാരും അനുകരിച്ചുവെന്ന് ചരിത്രകാരന്മാർ എഴുതിയിട്ടുണ്ട്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരള മുസ്‌ലിം സ്ത്രീകൾ സ്വീകരിച്ച മാന്യവേഷമാണ് ചുരിദാർ. 1990 മുതൽ കേരളത്തിൽ ചുരിദാർ ഇടം പിടിച്ചുകഴിഞ്ഞിരുന്നു. യഥാർഥത്തിൽ ഉത്തരേന്ത്യയിലെ സൽവാർ കമ്മീസിൽ നിന്നും കുർത്ത–പൈജാമയിൽനിന്നും വന്ന ഒരു സങ്കര ഇന മാണിത്. പണ്ട് പാകിസ്താനി വസ്ത്രമെന്നു പറഞ്ഞ് മലയാള വരേണ്യർ ചുരിദാറിനെ തഴഞ്ഞിരുന്നു. എങ്കിലും ഇന്ന് പല വകഭേദങ്ങളിലൂടെ എല്ലാ വരും ചുരിദാറിനെ നെഞ്ചേറ്റുന്നു. വസ്ത്രധാരണത്തിലും ഭക്ഷണസംസ് കാരങ്ങളിലുമെല്ലാം ഒരേ സമയം കോസ്മോപൊളിറ്റനും പ്രാദേശികവുമാ യി നിലകൊള്ളുന്ന മാപ്പിളജീവിതം കേരളസംസ്കാരത്തെ പുതിയ തുറ സ്സുകളിലേക്ക് നയിക്കുന്നുണ്ട്. കേരളത്തിലെ മറ്റേത് സമുദായത്തെക്കാളും വസ്ത്രബോധമുള്ളത് മുസ്‌ലിംകൾക്കാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

മുസ്‌ലിംകൾ ഉപയോഗിക്കുന്ന ശകാരവാക്കുകളിൽ ജാതി / ലിംഗ /തൊ ഴിൽ സൂചകങ്ങളിലുള്ള വാക്കുകൾ താരതമ്യേന കുറവാണെന്ന് കാണാം. മതനിഷേധവും മതവിരുദ്ധതയും ആരോപിക്കുന്ന വാക്കുകളാണ് കൂടുതൽ പ്രചാരത്തിലുള്ളത്. ഇത് ഇസ്‌ലാമിന്റെ തത്ത്വശാസ്ത്രപരമായ സ്വാധീനമാ വാം, കേരളത്തിലെ മുസ്‌ലിം ഭൂരിപക്ഷമേഖലകളിൽ താരതമ്യേന ആത്മഹ ത്യ, വർഗീയകലാപങ്ങൾ എന്നിവ കുറവാണ്. മറ്റുള്ളവരുടെ പ്രയാസങ്ങൾ പരിഹരിക്കാനുള്ള മനസ്സും ആതിഥ്യ മനോഭാവവും കൂടുതലാണ്. സക്കാ ത്തും സ്വദഖയും മലബാർ മേഖലകളിലെ സംസ്കാരത്തെ സുരക്ഷിതത്വ മുള്ളതാക്കിത്തീർക്കുന്നുവെന്ന് ഫിലിപ്പ് ഒസെല്ലോ പറയുന്നുണ്ട്. ഇങ്ങനെ ജീവിതത്തിന്റെ സമഗ്രതയിൽ മുസ്‌ലിം സ്വാധീനം കേരളത്തിൽ സമകാലി കമായി തന്നെ സഹവർത്തിത്വ സംസ്കാരം പ്രസരിപ്പിക്കുന്നു.

മുസ്‌ലിംകളെ അപരിഷ്കൃത സമുദായമായി വിലയിരുത്തുന്ന പഠനങ്ങ ളാണ് മലയാളിയുടെ പ്രബുദ്ധ മുഖ്യധാര ജനകീയ വായനകൾ പലപ്പോ ഴും മുന്നോട്ടുവച്ചിട്ടുള്ളത്. അതിനാൽ, മുഖ്യധാരയെ അപനിർമിച്ചുകൊ ണ്ട് നടത്തുന്ന അനുഭവപരമായ പഠനങ്ങളിലൂടെ മാത്രമേ മാപ്പിളജീവിത ത്തെക്കുറിച്ചും 'കേരളസംസ്കാര'ത്തിന് അത് നൽകിയ സംഭാവനകളെ ക്കുറിച്ചും നമുക്ക് കൂടുതൽ സംസാരിക്കാനാവൂ എന്നതാണ് യാഥാർഥ്യം. അതിന് പുതിയൊരു രീതിശാസ്ത്രം ആവശ്യമാണ് താനും.



Scanned with CamScanner